II ഇ.ബി. XIII- കേരള നിയമസഭ/XV-5

# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 04, വെള്ളി

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളംവച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

11 (*121) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതം

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ)

നൽകിയ മറുപടിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം 24,950 കോടി രൂപ നൽകിയിട്ടുണ്ടെന്നും പദ്ധതിവിഹിതത്തിൽ കുറവു വരുത്തിയിട്ടില്ലെന്നും സഭയെ അറിയിച്ചു. ഭൂപ്രദേശം, ജനങ്ങളുടെ സമഗ്ര വികസനം, പുരോഗതി എന്നിവ പദ്ധതി ആസൂത്രണത്തിന്റെ ലക്ഷ്യമായതിനാൽ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികളും വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവയുടെ പ്രവർത്തനങ്ങളും സംയോജിപ്പിക്കേണ്ടതുണ്ട്. എസ്.എസ്.എ., ആർ.എം.എസ്.എ., പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ, ഐ.എ.വൈ അധികവിഹിതം നൽകൽ, അംഗനവാടികളിലെ പോഷകാഹാര വിതരണം, പൊതുശ്മശാനവും അറവുശാലകളും സ്ഥാപിക്കുന്നതിനും ജലനിധിക്കും കില കോർപ്പസ് ഫണ്ടിലേയ്ക്കുമുള്ള വിഹിതം, കേരളോത്സവങ്ങൾ, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.എൽ.ബി.പി.), സാമൂഹ്യ സുരക്ഷാമിഷൻ തുടങ്ങിയ കേന്ദ്ര-സംസ്ഥാന പദ്ധതികൾക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നുൾപ്പെടെ തുക മാറ്റിവയ്ക്കാൻ നിർദ്ദേശിക്കാറുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതികൂടി അവലോകനം ചെയ്താണ് പദ്ധതി ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. ലോകബാങ്കിന്റെയും ഫിനാൻസ് കമ്മീഷന്റെയും ഫണ്ട് റിലീസ് ചെയ്ത്

ഉത്തരവായിട്ടുണ്ടെന്നും ഇതിലൂടെ 500 കോടി രൂപ പഞ്ചായത്തുകൾക്ക് അധികമായി ലഭിക്കുമെന്നും പഞ്ചായത്തുകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനായി വ്യത്യസ്ത ഫണ്ടുകൾ ഇന്റഗ്രേറ്റ് ചെയ്യുന്നതാണെന്നും സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ വിജയകരമായി നടന്നുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങളും ആധുനിക അറവുശാലകളും നിർമ്മിക്കുന്നതിന് 10 കോടി രൂപ വീതം അനുവദിക്കുന്നതാണെന്നും 10 ആധുനിക അറവുശാലകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ടെന്നും ക്ലസ്റ്ററടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ ശ്മശാനമോ അറവുശാലയോ നിർമ്മിക്കുകയാണെങ്കിൽ സാമ്പത്തിക സഹായം നൽകുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സമഗ്ര പാർപ്പിട പദ്ധതിക്ക് രൂപം നൽകുന്നതാണെന്നും തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടെന്നും അംഗൻവാടികളെ പ്രീ-പ്രൈമറി തലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ട് ഗവൺമെന്റ് സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനാണ് ശ്രമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*122) <u>പോഷകാഹാര വിതരണ പദ്ധതി</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, ഐ.സി.ഡി.എസ്. പദ്ധതിയിലൂടെ 6 വയസ്സുവരെ

പ്രായമുള്ള കുട്ടികൾക്ക് പൂരക പോഷകാഹാരം, ആരോഗ്യ വിദ്യാഭ്യാസം എന്നിവ നൽകി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മാസത്തിലൊരിക്കൽ 3 വയസ്സുവരെയുള്ള കുട്ടികളുടെയും മൂന്ന് മാസത്തിലൊരിക്കൽ മൂന്നിനും ആറിനുമിടയിൽ പ്രായമുള്ള കുട്ടികളുടെയും തൂക്കവും ലോകാരോഗ്യ സംഘടന നിശ്ചയിച്ച ഗ്രോത്ത് ചാർട്ട് ഉപയോഗിച്ച് വളർച്ചയും നിരീക്ഷിക്കുന്നതോടൊപ്പം ന്യൂനപോഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പോഷകാഹാരക്കുറവുമൂലമുള്ള പ്രശ്നങ്ങളുണ്ടാകാ തിരിക്കാൻ ഗർഭധാരണം മുതൽ അമ്മമാർക്കാവശ്യമായ സേവനങ്ങൾ അംഗൻവാടികൾവഴി നൽകുന്നുണ്ടെന്നും ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യമായി പോഷകാഹാരം നൽകുന്നതിനായി അട്ടപ്പാടി സംയോജിത ശിശു വികസന പദ്ധതി പ്രദേശത്ത് *അന്നപ്രദായിനി* പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രസ്തുത പദ്ധതിയിൽപ്പെട്ട 175 അംഗൻവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6 മാസത്തിനും 3 വയസ്സിനുമിടയിലുള്ള കുട്ടികൾ, 3 മുതൽ 6 വയസ്സുവരെയുള്ള പ്രീ-സ്കൂൾ കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, 60 വയസ്സിനുമേൽ പ്രായമായവർ, പദ്ധതിപ്രദേശത്തെ ഭിന്നശേഷിയുള്ളവർ, കിടപ്പിലായവർ എന്നിവർക്കുവേണ്ടിയുള്ള ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 192 കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിക്കുകയും ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം

തുടങ്ങിയവയുടെ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. *ജനനി ജാതക്* എന്ന ഓൺലൈൻ സംവിധാനത്തിലൂടെ അട്ടപ്പാടി മേഖലയിലെ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരത്തെ സംബന്ധിച്ച വിവരങ്ങൾ അറിയാൻ കഴിയുമെന്നും പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നതെന്നും ഐ.സി.ഡി.എസ്. പദ്ധതിക്കുള്ള കേന്ദ്രവിഹിതം 60:40 എന്ന തോതിൽ വെട്ടിക്കുറച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13(*123) <u>ട്രേഡ് ലൈസൻസ്</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, ഫീസ് നിരക്കിലെ അശാസ്ത്രീയതയും ഏകീകരണമില്ലായ്മയും പേരിലെ വൈരുദ്ധ്യവും കണക്കിലെടുത്ത് കടകൾക്ക് ട്രേഡ് ലൈസൻസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനായി കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447, 448 വകുപ്പുകളിൽ ഭേദഗതി വരുത്തി പുതിയ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. നാമമാത്രമായ തുകയാണ് ലൈസൻസ് ഫീസിനത്തിൽ നഗരസഭകൾ ഈടാക്കിവരുന്നത്. അടുത്തടുത്ത നഗരസഭകളിലെ ഒരേ സ്വഭാവമുള്ള കടകൾക്ക് വ്യത്യസ്ത ഫീസ് ഈടാക്കുകയും ഓരോ ഇനത്തിനും പ്രത്യേക ഫീസ് കണക്കാക്കി ലൈസൻസ് നൽകുകയും ചെയ്തിരുന്നു. പാൽ,

കർപ്പൂരം, മെഴുകുതിരി, കശുവണ്ടി തുടങ്ങിയവ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കും പടക്ക നിർമ്മാണശാലകൾ ഉൾപ്പെടെയുള്ളവയ്ക്കും നൽകിവരുന്ന ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസാണ് ട്രേഡ് ലൈസൻസാക്കി മാറ്റുന്നതെന്നും ഹോസ്പിറ്റലുകൾ, വക്കീൽ ഓഫീസുകൾ എന്നിങ്ങനെയുള്ള സർവ്വീസുകൾക്കെല്ലാം ഇത് ബാധകമാണെന്നും മന്ത്രി വ്യക്തമാക്കി. ട്രേഡ് ലൈസൻസിംഗ് ഓൺലൈനാക്കുന്നതിന് ശ്രമിക്കുന്നതാണ്. ഈ സർക്കാർ അധികാരമേറ്റശേഷം ചെറിയ കടകളുടെ നികുതി 500 രൂപയാക്കി കുറച്ചിട്ടുണ്ടെന്നും തെരുവോര കച്ചവടക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഷോപ്പിംഗ് മാളുകളുടെ പ്രവർത്തനം ചെറിയ കടകളെ ദോഷകരമായി ബാധിച്ചിട്ടില്ലെന്നും പാർക്കിംഗ് സംവിധാനമില്ലാത്ത ഷോപ്പിംഗ് മാളുകൾക്ക് ലൈസൻസ് നൽകുകയില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1472 മുതൽ 1822 വരെയുള്ള ചോദ്യങ്ങളിൽ 101 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)